പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 15 | 12.01.2021 -ൽ മറുപടിക്ക്.

## സൗജന്യ റേഷനും ഭക്ഷ്യകിറ്റും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ. ബി. സതീഷ്**<br>**ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. ബി. ഡി. ദേവസ്സി** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ലോക്ഡൗൺ കാലത്തും അതിനുശേഷവും സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന ദുരിതം കുറയ്ക്കാനായി സൗജന്യ റേഷനും ഭക്ഷ്യ കിറ്റുകളും നൽകുന്നതിനും ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ ; | (എ) കോവിഡ് മഹാമാരിയുടെ ദുരിതം പേറുന്ന സംസ്ഥാന ജനതയ്ക്കായി സർക്കാരിന്റെ കൈത്താങ്ങ് എന്ന നിലയ്ക്ക്, സപ്ലൈകോ മുഖേന 17 അവശ്യ ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകൾ 84,90,066 റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്തു. കൂടാതെ സർക്കാർ അംഗീകൃതവും അല്ലാത്തതുമായ ക്ഷേമ സ്ഥാപനങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ 4 അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന കണക്കിൽ കിറ്റ് തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. 2020 ഏപ്രിൽ മാസം AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NPS, NPNS വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ലോക്ക്ഡൗൺ കാലത്ത് റേഷൻ സാധനങ്ങൾ റേഷൻ കടയിൽ വന്ന് വാങ്ങുന്നതിന് കഴിയാത്ത കുടുംബങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ റേഷൻ സാധനങ്ങൾ വീടുകളിൽ നേരിട്ട് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.<br>അതിഥി തൊഴിലാളികൾക്ക് ഒരാളിന് 5 കിലോ അരിയോ 4 കിലോ ആട്ടയോ ഏതാണോ ആവശ്യപ്പെടുന്നത് ആയത് വിതരണം ചെയ്തു.<br>ഭക്ഷ്യ ധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് ലോക്ഡൗൺ കാലയളവിൽ പൊതു വിപണിയിൽ |

പരിശോധനകൾ നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു. സ്വകാര്യ വ്യാപാരികളുടെയും കച്ചവട സ്ഥാപനങ്ങളുടെയും ഓൺലൈൻ മീറ്റിംഗ് ചേർന്ന് അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അവരുടെ ചരക്ക് നീക്കം സുഗമമാക്കുകയും ചെയ്തു. സ്കൂൾ കുട്ടികൾക്ക് 26 ലക്ഷത്തിലധികം ഭക്ഷ്യസാധന കിറ്റുകൾ വിതരണം ചെയ്തു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ എത്തിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായ സമയത്ത് എല്ലാ ജില്ലയിലും RTO, Supplyco, Horticorp wholesale dealers എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് അവശ്യസാധന ലഭ്യത ഉറപ്പ് വരുത്തുകയുണ്ടായി.

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. 2020 സെപ്തംബർ മാസം മുതൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു വരുന്നു. സർക്കാർ അംഗീകൃതവും അല്ലാത്തതുമായ ക്ഷേമ സ്ഥാപനങ്ങൾക്കും കന്യാസ്ത്രീ മഠങ്ങൾക്കും, ആശ്രമങ്ങൾക്കും ടി കിറ്റുകൾ 4 അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ വിതരണം ചെയ്ത് വരുന്നു.

കേന്ദ്ര സർക്കാർ പദ്ധതിയായ PMGKAY പ്രകാരം സൗജന്യമായി അനുവദിച്ച ഭക്ഷ്യ ധാന്യങ്ങൾ യഥാസമയം വിട്ടെടുത്ത് മുൻഗണനാ കാർഡുടമകൾക്ക് 2020 ഏപ്രിൽ മുതൽ 2020 നവംബർ വരെ വിതരണം ചെയ്തു. ഇതോടൊപ്പം അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ പദ്ധതിയായ ആത്മ നിർഭർ ഭാരത് പ്രകാരം അരിയും കടലയും വിതരണം ചെയ്തു. കൂടാതെ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് ലേബർ, റവന്യൂ തദ്ദേശ സ്വയം ഭരണ വകുപ്പുകളുമായി സഹകരിച്ച് വിതരണം ചെയ്തു. ക്രിറ്റിക്കൽ കണ്ടെയിൻമെന്റ് സോണുകളിലും കടുത്ത കടൽക്ഷോഭമുണ്ടായ തീരദേശ മേഖലകളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തു. ലോക്ഡൗൺ കാലത്ത് റേഷൻ വിതരണം യാതൊരു തടസ്സവും കൂടാതെ നടത്തിയ റേഷൻകട ലൈസൻസികൾക്ക് 1000/- രൂപ വീതം ഓണറേറിയവും

| | |
|---|---|
| | അതിജീവന കിറ്റ് വിതരണത്തിന് കിറ്റിന് 7/- രൂപ നിരക്കിൽ കമ്മീഷനും അനുവദിക്കുകയുണ്ടായി |
| (ബി) ജനപ്രതിനിധികളുടെയടക്കം നേതൃത്വത്തിൽ പ്രതിപക്ഷം നടത്തിയ സമരം വഴി കോവിഡ് വ്യാപനം അനിയന്ത്രിതമായതായി വിലയിരുത്തിയിരുന്നോ; ഇവർക്കെതിരെ സാംക്രമിക രോഗ നിയന്ത്രണ നിയമ പ്രകാരം കേസ്സെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടിയെടുക്കുമോ ; | (ബി) കോവിഡ് വ്യാപനം തടയുന്നതിനായി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള സമരങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകി വരുന്നതിനെതിരെ സംസ്ഥാനത്തെ പ്രതിപക്ഷ കക്ഷികളും കേന്ദ്രം ഭരിക്കുന്ന കക്ഷിയും എതിർപ്പ് ഉയർത്തിയിരുന്നോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സംസ്ഥാന സർക്കാർ സൗജന്യ റേഷനും ഭക്ഷ്യകിറ്റ് വിതരണത്തിനുമായി ചെലവഴിച്ച തുകയെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) 2020 ഏപ്രിൽ മാസത്തിൽ സൗജന്യ റേഷനായി 157851.12 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയിരുന്നു. മുൻഗണനേതര വിഭാഗത്തിന് സ്പെഷ്യൽ വിതരണത്തിനായി 50000 മെട്രിക് ടൺ വാങ്ങിയതുൾപ്പെടെ ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ 152.72 കോടി രൂപയും കമ്മീഷൻ ഇനത്തിൽ 39.15 കോടി രൂപയും ആയതിന്റെ കടത്ത് കൂലിയിനത്തിൽ 24.04 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ വിതരണം ചെയ്ത കോവിഡ് അതിജീവന കിറ്റുകൾക്ക് 756 കോടി രൂപയും ആഗസ്റ്റ് മാസത്തിൽ നല്കിയ ഓണക്കിറ്റിന് 440 കോടി രൂപയും സെപ്റ്റംബർ മുതൽ ഡിസംബർ വരെ വിതരണം ചെയ്ത കിറ്റുകൾക്ക് 1649.79 കോടി രൂപയും സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ